

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരിങ്ങര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD-PTA- P4/271/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 28/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിങ്ങര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD-PTA- P4/271/2023

തീയ്യതി: 28/03/2023

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ

അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സ്നിഗ്ദ്ധ എസ്	ഡെപ്യൂട്ടി ഡയറക്ടർ	20-02-2023	28-02-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-02-2023	28-02-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി പി ജയപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കെ എസ് ദീപ,ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മാത്തൻ ജോസഫ്	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ രാജേന്ദ്രൻ പി കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2021	06-04-2021
ശ്രീ ജോസ് ഈപ്പൻ	സെക്രട്ടറി	07-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ രാജേന്ദ്രൻ പി കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	26-02-2022
ശ്രീ ഗണപതി എസ്	അസിസ്റ്റന്റ് സെക്രട്ടറി(ചാർജ്)	27-02-2022	02-03-2022
ശ്രീമതി ഷൈനി ഇ	അസിസ്റ്റന്റ് സെക്രട്ടറി	03-03-2022	13-03-2022
ശ്രീ ഗണപതി എസ്	അസിസ്റ്റന്റ് സെക്രട്ടറി	14-03-2022	31-03-2022
ശ്രീ നിസാം ഐ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	31-03-2022
ശ്രീ അലി അക്ബർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-08-2021
ശ്രീ അജിമോൻ പി ഡി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-09-2021	15-10-2021
ശ്രീമതി ദീപ്തി എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	16-10-2021	31-03-2022
ശ്രീമതി ഗിരിജാ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2021	16-11-2021

കുമാരി			
ഡോ സിനു എം പോൾ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	17-11-2021	31-03-2022
ഡോ ഗോപിക	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2021	06-06-2021
ഡോ ജിസ്മേരി എ പി	മെഡിക്കൽ ഓഫീസർ(ആയുർവേദം)	07-06-2021	03-12-2021
ഡോ ഗോപിക	മെഡിക്കൽ ഓഫീസർ(ആയുർവേദം)	04-12-2021	31-03-2022
ഡോ റൂൺ മറിയം മത്തായി	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ഡോ ജയചന്ദ്രൻ പി	മെഡിക്കൽ ഓഫീസർ(ഹോമിയോ))	01-04-2021	31-03-2022
ഡോ ബിംബി ഹരിഹരദാസ്	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	01-04-2021	31-08-2021
ഡോ സുരേഷ് കുമാർ	മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	01-09-2021	31-03-2022
ശ്രീ സജി മാത്യു	ഹെഡ്മാസ്റ്റർ	01-04-2021	31-03-2022
ശ്രീ സുജിത്ത് എസ് എസ്	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീ ഷാനവാസ് എസ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	07-09-2021
ശ്രീ ശ്രീകുമാർ ജെ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	08-09-2021	31-03-2022
ശ്രീമതി ബിന്ദുദേവി ജി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	10-05-2021

ശ്രീ രാഗേഷ് ഗോകുൽ	ഡയറി ഫാം ഇൻസ്ട്രക്ടർ	11-05-2021	31-03-2022

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബഡ്ജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ അപാകതകൾ	1-4-1
5	ഗ്രാന്റ് വിനിയോഗം	1-4
6	പദ്ധതി അവലോകനം	1-5
7	തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പെൻഷനുകൾ	1-7
9	ക്യാഷ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-11
13	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല	1-12
14	ഉപയോഗക്രമം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു	1-13
15	മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്	1-14
16	നികുതി നികുതിയേതര വരുമാനം അനിവാര്യ ചുമതലകൾ നിറവേറ്റാൻ പര്യാപ്തമല്ല	1-15
17	ലഭ്യമായ ഫണ്ട് വിനിയോഗിക്കാത്തത് 93.94 ലക്ഷം രൂപ	1-16
18	പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ- തനതു ഫണ്ടിൽ നിഷ്ക്രിയമായി നിക്ഷേപിച്ചിരിക്കുന്നു	1-17
19	ലൈഫ് വായ്പാ തിരിച്ചടവ് - സ്രോതസ്സിൽ നിന്നും 3.02 ലക്ഷം രൂപ അധികം കുറവു ചെയ്ത	1-18
20	മരണപ്പെട്ടവർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു	1-19

21	മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്തില്ല: അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാണ്	1-20
22	പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക പെരുകുന്നു; നിലവിലെ ബാധ്യത 35.88 ലക്ഷം	1-21
23	തെരുവ് വിളക്കുകളുടെ പരിപാലനം ഫലപ്രദമല്ല	1-22
24	മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച	1-23
25	ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗണ്ട് അരംഭിച്ചില്ല	1-24
26	പിരിച്ചെടുത്ത ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല; ലഭിക്കാൻ അവശേഷിക്കുന്നത് 159945 രൂപ	1-25
27	പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു; കരാറുകാരന്റെ ജാമ്യനിക്ഷേപം കണ്ട് കെട്ടണം	1-26
28	ഹോമിയോ ആശുപത്രി മെയിന്റനൻസ് പദ്ധതി മുടങ്ങിക്കിടക്കുന്നു - ചെലവഴിച്ച തുക ഫലശൂന്യം	1-27
29	ഡ്രൈ റബിൾ മേസൺറി (DR Masonry) പ്രവൃത്തിക്ക് അധിക നിരക്ക് നൽകി	1-28
30	ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല	1-29
31	ആസ്തി രജിസ്റ്റർ അപൂർണ്ണം	1-30
32	പഞ്ചായത്ത് മിനി സ്റ്റേഡിയം അവഗണനയിൽ	1-31
33	പ്രോജക്ടുകൾക്ക് വകയിരുത്തിയ ഫണ്ട് ഫലപ്രഥമായി വനിയോഗിക്കാതെ ലാപ്സാക്കി	1-32
34	ബാലസഭാ പ്രവർത്തനം - പദ്ധതി തുക മൊബൈൽ ഫോൺ വിതരണം ചെയ്യുന്നതിന് വകമാറ്റി	1-33
35	ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം - ജി.പി.എസ്. റിപ്പോർട്ട് ഹാജരാക്കാതെ	1-34

	കരാറുകാരന് തുക നൽകി	
36	മരുന്നു് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു.	1-35
37	ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	1-36
38	പഴയ ഓടുകൾ ലേലം ചെയ്തില്ല	1-37
39	സംയുക്ത പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിക്കാതെ ശേഷിക്കുന്നു	1-38
40	വാട്ടർ അതോറിറ്റിയിൽനിന്നും തിരികെ ലഭിച്ച തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു	1-39
41	ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല	1-40
42	അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം	1-41
43	ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിസന്ധിയിൽ	1-42
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	DR മേസൺറി പ്രവൃത്തിക്ക് ബോണ്ട് സ്റ്റോൺ ഉപയോഗിച്ചില്ല; അധികം നൽകിയ 18829 രൂപ നിരാകരിക്കുന്നു	3-1
ഭാഗം 4		
1	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ആഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ	4-7
8	ചാർജ്/സർച്ചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9

10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബഡ്ജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 20-02-2021-ലെ 1(1)-ാം അംഗീകരിച്ചു. 6954065 രൂപ മുന്നിരിപ്പും, 207874900രൂപ വരവും 206133900 നീക്കിയിരിപ്പുമുള്ള ബജറ്റാണ് പാസ്സാക്കിയിട്ടുള്ളത്. 26-03-2022ലെ 1(1)-ാം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക

സ്ഥാപനത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ച ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. **ഷെഡ്യൂൾ ബി 3**: Capital Contribution - മുൻവർഷ രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്ന ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2. **ഷെഡ്യൂൾ ബി5**: Secured Loan From KURDFC - ലോൺ തുകയായ സാമ്പത്തിക വർഷം വരെ 5,28,000 രൂപയും 2021-22 വർഷം 234666 രൂപ റിക്കവറി നടത്തിയിട്ടുണ്ട്. എന്നാൽ ലോൺ അക്കൗണ്ടിൽ തിരിച്ചടച്ച ര വാർഷിക കണക്കിൽ നിലവിൽ നീക്കിയിരിപ്പ് ഇല്ല എന്നാണ് രേഖപ്പെടു

3. **വസ്തു നികുതി** - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊ

4. **ഷെഡ്യൂൾ I-6 & I-14(A)**: MG-NREGA-ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. Schedule B18 –തുക സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

1) Advance To Implementing Agencies – Deposit With Kerala Electricity Board -1493518
2) Temperory Advance For Official Purpose- 32925

6. ബാലൻസ് ഷീറ്റ് പ്രകാരം 19515 രൂപ റിട്ടെൻഷൻ ഇനത്തിൽ ബാദ്ധ്യത എന്നാൽ Capital Work In Progress ഇനത്തിൽ തുകകളൊന്നും ഉൾപ്പെട്ടിട്ടില്ല.

7. സംയുക്ത പ്രോജക്ടുകൾ – അക്കൗണ്ടിലെ തുകയും ACR പ്രകാര പൊരുത്തപ്പെടുന്നില്ല.

വ്യത്യാസം – 12990

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	27964539
ഓഡിറ്റ് വർഷത്തെ വരവ്	73374396
ആകെ വരവ്	101338935

ഓഡിറ്റ് വർഷത്തെ ചെലവ്	67888089
നീക്കിയിരിപ്പ്	33450846

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ അപാകതകൾ

വികസനഫണ്ടിനത്തിൽ ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, അം
ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ്
ഗ്രാന്റുകളിലെ അലോട്ട്മെന്റ് ഒന്നാം ഗഡു,ഇവ ഗ്രാന്റ്
ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ് പ്രകാരം വരവ്	ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരം വരവ്	വ്യത്യാസം	
വികസനഫണ്ട് (ജനറൽ)	13985000	12699134	1285866	ലൈ ലോ സ്രോ കുറ 234666 ജീവ ഹോ ഇന ചെ തുക സ്റ്റേ ഉൾ
വികസനഫണ്ട് (എസ് സി പി)	4842800	4303666	539134	ലൈ ലോ സ്രോ കുറ രൂപ സ്റ്റേ വര ഉൾ G.O Rt തീയ പ്രകാ 509800 ഉൾപ്പ

വികസനഫണ്ട് (റ്റി എസ്സ് പി)	7800	0	7800	G.O Rt തീയ പ്രകാ രൂപ ഉൾപ്പ
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	5480001	5112201	367800	G.O Rt തീയ പ്രകാ 367800 ഉൾപ്പ
സംരക്ഷണ ഗ്രാന്റ് (റോഡ്)	12086200	10931000	1155200	G.O Rt തീയ പ്രകാ 115520 ഉൾപ്പ

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	തൽവർഷ വരവ്	ആകെ	ചെലവ്	നീക്ക ലാന്സ
വികസന ഫണ്ട് (ജനറൽ)	0	13985000	13985000	12671340	
വികസനഫണ്ട് (എസ്.സി.പി.)	0	4842800	4842800	3980834	
വികസനഫണ്ട് (റ്റി.എസ്.പി.)	0	7800	7800	0	
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	12086200	12086200	7615269	
സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)	0	5480001	5480001	2739470	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)		6892000	6892000	3024904	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	0	4214691	4214691	2786974	

സംസ്ഥാനാവിഷ്കൃത ഫണ്ട്

ഫണ്ടിനം		മുന്നിരിപ്പ്	*തൻവർഷ വരവ്*	ആകെ	ചെ
സാക്ഷരത		22791	622	23413	
ശുചിത്വ മിഷൻ		3430571	150000	3580571	9
വിമുക്തി		11000	0	11000	
കേന്ദ്രാവിഷ്കൃത ഫണ്ട്					
ഐ.സി.ഡി.എസ്.		1577472	600738	2178210	180
എം.ജി.എൻ. ആർ.ജി.എസ്	ഭരണച്ചെലവുകൾ	19267	654180	673447	669
	ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	34499688	34499688	344
	ആകെ	19267	35153868	35173135	351
പൈക്ക		101992	--	101992	--

1-5 പദ്ധതി അവലോകനം

പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാ (എണ്ണം
155	97821839	104	45054923	51

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവ

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ തുക	ത
1	കൃഷി ഓഫീസർ	3	1	11000000	
2	വെറ്ററിനറി സർജൻ	6	6	2513400	
3	മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.	1	1	1500000	
4	മെഡിക്കൽ ഓഫീസർ - ഹോമിയോ	1	1	200000	
5	മെഡിക്കൽ ഓഫീസർ -	4	4	1200000	

	ആയുർവേദം				
6	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	690000	
7	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	19	16	33993400	
8	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	8	4	7180750	
9	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	28	20	9566062	
10	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്.	1	1	900000	
11	അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ)	75	42	26259197	
12	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1190000	
13	അസിസ്റ്റന്റ് സെക്രട്ടറി	6	5	1629030	
	ആകെ	155	104	97821839	

1-6 തൊഴിലുറപ്പ് പദ്ധതി

ഭരണച്ചെലവുകൾ	19267	2212641	2231908	22125
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	34763976	34763976	347639
ആകെ	19267	36976617	36995884	369765

1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളു
കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക എണ്ണം
കർഷകതൊഴിലാളി പെൻഷൻ	10589100	419
വിധവാപെൻഷൻ	11750900	761

വാർദ്ധക്യകാല പെൻഷൻ	28378100	1875
മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	3985600	253
അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	462900	29
വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം	60000	2

1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പ
M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരി
തുകയായ 38916(മുപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി പതി
ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിവിധ ഓഫീസ് ഉത്തരവുകളിലൂ
സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളതും രേഖകളും, രജിസ്റ്ററുകളും സൂക്ഷ്
സജ്ജീകരിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര നിയന്ത്രണം ശക്തിപ്പെടുത്തുന്നതി
ചേർക്കുന്ന വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധയും ഇടപെടലും ഉണ്ടാകേണ്ടത

. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്ത
സജ്ജീകരിച്ചിരിക്കു ന്നതിന് മതിയായ ഭൗതിക സാഹചര്യം ഒരുക്കാതെ
. ഫീൽഡ് പരിശോധനയ്ക്കായി നിയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് വാർഡുകളുടെ ചുമതല മാറ്റി നൽകുന്നില്ല.
. പുതിയ ഭരണ സമിതി അധികാരത്തിൽ വന്നിട്ടും പൗരാവകാ
പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.
. പ്രോക്യൂർമെന്റ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടില്ല.
. ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി തുടർ നട
പഞ്ചായത്ത് തല പരാതി പരിഹാര സെൽ മുഖേന ശ്രമിക്കേണ്ടതും
യോഗം ചേർന്ന് പരമാവധി പരാതികൾ തീർപ്പാക്കേണ്ടതുമാണ്.

. കരാർ ജീവനക്കാരുടെ മൂവ്മെന്റ് രജിസ്റ്റർ, കാഷൽ ലീവ് രജി പരിപാലിക്കുന്നില്ല.

. ബാങ്ക് റിക്കൺസിലിയേഷൻ എല്ലാ മാസവും കൃത്യമായി നടത്തി എന്നിവർ ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഉൾപ്പടെ ഗ്രാമപഞ്ചായത്ത് സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത

. ഹാർഡ് വെയർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കണം.

. ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ആഡിറ്റ് റിക്കവറി രജിസ്റ്റർ ആധികാരികവുമാക്കേണ്ടതാണ്.

. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയി നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

. **വിട്ടുപോയ ആസ്തികളുടെയും രജിസ്റ്റർ തയ്യാറാക്കിയതി ആസ്തികളുടെയും വിവരങ്ങൾ കൂട്ടിചേർത്ത് ആസ്തി രജിസ്റ്റർ കാ**

. നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതി കുടിശ്ശിക കാര്യക്ഷമമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയ മേലുദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

. പൊതു ടാപ്പുകളുടെ വെള്ളക്കരം മുടക്കം കൂടാതെ ഒടുക്കുവരുടെ കുടിശിക വരുത്താൻ പാടില്ലാത്തതുമാണ്. സംയുക്ത പരിശോ ക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി, ഈ ഇനത ഒഴിവാക്കേണ്ടതാണ്.

. കൃത്യമായ മോണിട്ടറിംഗിലൂടെ പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമത ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത സാഹ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷംതന്നെ ഉപ

. അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്നതി സൂക്ഷിക്കുന്നുണ്ടെങ്കിലും വിവരങ്ങൾ എഴുതുന്നില്ല. പൂർണ്ണമാക്കേണ്ടതാണ്.

. ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യം സ്വീകരിക്കേണ്ടതാണ്.

. ക്ഷേമപെൻഷൻ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് 2 ദിവസത്തിനകം നൽകേണ്ടതാണ്.

. പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവ വാങ്ങേണ്ടതും, പുതുതായി അനുവദിക്കുന്ന അപേക്ഷ അംഗീകരിക്കേണ്ടതുമാണ്.

. മരണപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ ബേസിൽനിന്നും യഥാസമയം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ടവർ ജാഗ്ര

. സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് കൃത്യമാ
. ആഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടു
ആവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന
സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റി ല തീ
പെർഫോമൻസ് ഓഡിറ്റ്	06.07.2022 മുതൽ 07.07.2022 വരെ	01.22 മുതൽ 03.22 വരെ	10.10.2
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	സെപ്റ്റംബർ 2017 വരെ	2012-13 മുതൽ 2016-17 വരെ	31-10-

1-11 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്ക

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായ
വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മ
ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ
ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ
പ്രവർത്തിക്കാൻ പാടില്ല. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ
പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ്
പരിധിയിൽ പ്രവർത്തിക്കുന്നത്.

ക്രമ നം.	സ്ഥാപനത്തിന്റെ വിവരങ്ങൾ	
1	മിൽമ ,മേപ്രാൽ.	2
2	ഇ.കോം.കൊറിയർ സർവീസസ്.	2
3	ടോഡി ഷോപ്പ്.	5
4	യമഹ സെയിൽസ് ആൻ്റ് സർവീസസ്.	5
5	ക്ഷീരോല്പാദക സഹകരണ സംഘം,ആലംതുരുത്തി.	4
6	ക്ഷീരോല്പാദക സഹകരണ സംഘം,ചാത്തങ്കരി.	1
7	റേഷൻ കടകൾ	-

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെയും എല്ലാ സ്ഥാപങ്ങളെയും കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അനുമതിയില്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്ത കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽന (1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4). ഗ്രാമപഞ്ചായത്തിലെ 2021-22 തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 ത തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ക്രമനം	സ്ഥാപനം	അർദ്ധവർഷം
1	ബി എസ് എൻ എൽ, തിരുവല്ല	ഒന്നാം അർദ്ധവർഷ ജീവനക്കാരന്റെ മ ഈടാക്കിയിട്ടുള്ളൂ), രണ്ടാം അർദ്ധവർഷം
2	സൌത്ത് ഇന്ത്യൻ ബാങ്ക്, പെരുംതുരുത്തി	ഒന്നും അർദ്ധവർഷങ്ങൾ
3	മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ചാത്തങ്കരി	ഒന്നാം അർദ്ധവർഷം
4	അക്ഷയ കേന്ദ്രം, പെരിങ്ങര	ഒന്നും അർദ്ധവർഷങ്ങൾ
5	പോസ്റ്റ് ഓഫീസ്, മേപ്രാൽ	ഒന്നും അർദ്ധവർഷങ്ങൾ
6	എസ് എൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ	ഒന്നും അർദ്ധവർഷങ്ങൾ
7	ലൌഡേയ്ൽ സ്കൂൾ, കാരയ്ക്കൽ	ഒന്നും അർദ്ധവർഷങ്ങൾ
8	എസ് എ എൽ പി സ്കൂൾ, മേപ്രാൽ	ഒന്നും അർദ്ധവർഷങ്ങൾ

9	തോപ്പിൽ ഫർണ്ണിച്ചർ, പെരുംതുരുത്തി	രണ്ടാം അർദ്ധവർഷം
10	മഹീന്ദ്ര മേട്ടോഴ്സ്, പെരുംതുരുത്തി	ഒന്നും അർദ്ധവർഷങ്ങൾ
11	റ്റി എസ് നം. 7, പെരിങ്ങര	രണ്ടാം അർദ്ധവർഷം
12	റ്റി എസ് നം. 8, സ്വാമിപാലം	രണ്ടാം അർദ്ധവർഷം
13	റ്റി എസ് നം. 11,പെരുംതുരുത്തി	രണ്ടാം അർദ്ധവർഷം
14	റ്റി എസ് നം. 12, ഇഴിഞ്ഞില്ലം	രണ്ടാം അർദ്ധവർഷം
15	റേഷൻകടകൾ(11)	ഒന്നും അർദ്ധവർഷങ്ങൾ
16	ക്ഷീരോല്പാദക സഹകരണ സംഘം, മേപ്രാൽ	ഒന്നും അർദ്ധവർഷങ്ങൾ
17	ക്ഷീരോല്പാദക സഹകരണ സംഘം, ചാത്തങ്കരി	ഒന്നും അർദ്ധവർഷങ്ങൾ
18	ക്ഷീരോല്പാദക സഹകരണ സംഘം, ആലംതുരുത്തി	ഒന്നും അർദ്ധവർഷങ്ങൾ

2) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ക്രമനം	സ്ഥാപനം	അർദ്ധവർഷ
1	സൌത്ത് ഇന്ത്യൻ ബാങ്ക്, പെരുംതുരുത്തി	ഒന്നും അർദ്ധവർഷങ്ങ
2	മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, ചാത്തങ്കരി	ഒന്നും അർദ്ധവർഷങ്ങ
3	സർവീസ് കോപ്പറേറ്റീവ് ബാങ്ക്, ചാത്തങ്കരി	ഒന്നാം അർദ്ധവർ

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനങ്ങളിലൊന്നാണ് തൊ നികുതി നിർണ്ണയിക്കുന്നതിനും അസസ്സ് ചെയ്യുന്നതിനും ഡിമാന്റ് പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും

അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ
സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ
തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തി
വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തി
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-13 ഉപയോഗക്രമം പരിഗണിക്കാതെ നികുതി നിർണ്ണ

സഞ്ചയ സോഫ്റ്റ് വെയർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധ
കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വസ്തു നികുതി
കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കഫേ കോഫി ഡേ, ഇടിഞ്ഞില്ലം എന്ന സ്ഥാപനത്തിന്റെ (കെട്ടിട നമ്പ
പേര് – സിനോമാത്യു,വെണ്ണാലി ഗാർഡൻസ്, ഇടിഞ്ഞില്ലം, വിസ്തീർ
നിർണ്ണയം നടത്തിയതിൽ പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ
രൂപ/ച.മീ) ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിച്ച
വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീ
റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ (വസ്തു നികുതി നിര
ഉപയോഗക്രമത്തിന്റെ നിരക്കായിരുന്നു ഈടാക്കേണ്ടിയിരുന്നത്.

2. ജോയൽ വുഡ് ഇൻഡസ്ട്രീസ്,ചാത്തങ്കരി എന്ന സ്ഥാപനത്തിന്റെ (
ഉടമയുടെ പേര് – സി ജി ആന്റണി, ചക്കുംതറ, ചാത്തങ്കരി വിസ്തീർണ്ണം-3
നടത്തിയതിൽ വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, ക
ഉപയോഗക്രമത്തിൽ (വസ്തു നികുതി നിരക്ക് 20/- രൂപ/ച.മീ) ഉൾപ്പെടു
നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ
രൂപ/ച.മീ) എന്ന ഉപയോഗക്രമത്തിന്റെ നിരക്കായിരുന്നു ഈടാക്കേണ്ടിയ

3. വോക്സ് വാഗൻ ഇ വി എം പെരുംതുരുത്തി എന്ന സ്ഥാപനത്തിന്റെ കെ
ഉടമയുടെ പേര് – ജേക്കബ്ബ്ജാർജ്, രാജഗിരി, ഇഴിഞ്ഞില്ലം വിസ്തീർണ്ണം-57
നടത്തിയതിൽ വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, ക
സ്റ്റേഷൻ എന്ന ഉപയോഗക്രമത്തിൽ (വസ്തു നികുതി നിരക്ക് 60/- രൂപ/ച.മീ
നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ വാണിജ്യാവശ്യത്തിനുള്ളവ
വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ (വസ്തു നികുതി
ഉപയോഗക്രമത്തിന്റെ നിരക്കായിരുന്നു ഈടാക്കേണ്ടിയിരുന്നത്.

മേൽ അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക്(നം 27
നികുതി നിർണ്ണയിച്ചതിലുണ്ടായ അപാകത പരിഹരിച്ച് ഓഡിറ്റിൽ അറി

1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക
ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി കു
ഈടാക്കാനുള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധന

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ വിവരങ്ങൾ	ഈടാക്കാനുള്ള കാലയളവ്	കു
1	2/226 UA	ബി എസ് എൻ എൽ ടവർ,മേപ്രാൽ	2018-19 മുതൽ 2021-22 വരെ	963
2	6/185 A	ബി എസ് എൻ എൽ ടവർ, പെരുംതുരുത്തി	2018-19 മുതൽ 2021-22 വരെ	261
3	9/397A	സെല്ലുലാർ ടവർ, പെരിങ്ങര	2018-19 മുതൽ 2021-22 വരെ	492

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരി എൻകെയറിയ്ക്ക് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-15 നികുതി നികുതിയേതര വരുമാനം അനിവാര്യ ച നിറവേറ്റാൻ പര്യാപ്തമല്ല

ഗ്രാമപ്പഞ്ചായത്തിന്റെ തനതു വരുമാനം അനിവാര്യ ചെലവുകൾക്ക് തി നികുതി, നികുതിയേതര വരവുകൾ വസ്തുനികുതി ഒഴികെ (കു പിരിച്ചെടുത്തിട്ടുണ്ടെങ്കിലും മതിയായ നികുതി/നികുതിയേതര വരുമാ കാരണമായി. 2021-22-ലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പഞ്ചായത്തിന്റെ തനത് വരുമാനവും, അനിവാര്യ ചെലവുകളും ചുവടെ

വരവ് ഇനം	*തുക*	*ചെലവ് ഇനം*	*തു*
നികുതി വരുമാനം	8075291	എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ	1469
നികുതിയേതരം	954406	അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ	1098
പലിശ	1047134	ഓപ്പറേഷൻസ് & മെയിന്റനൻസ്	2549
		ബാങ്ക് ചാർജ്ജസ്	749
ആകെ	10076831	**ആകെ**	1724
		വ്യത്യാസം	-7164
ജനറൽ പർപ്പസ് ഗ്രാന്റ് ലഭിച്ചത്	11251000		
ആകെ വരവ്	21327831		
മിച്ച ഫണ്ട്	4086680		

ജനറൽ പർപ്പസ് ഗ്രാന്റ് ലഭിക്കുന്നതു കാരണമാണ് ധനക്കമ്മി
വരുമാനമിനത്തിൽ വസ്തു നികുതിയിനത്തിൽ മാത്രമാണ് കുടിശ്ശി
നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ
സ്വീകരിക്കേണ്ടതുണ്ട്. ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിട
വരുത്തുന്ന പക്ഷം വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്ക
പരിധിയിലെ ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്ത
ഒരു പരിശോധന നടത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂടുതൽ
കെട്ടിടങ്ങൾക്ക് അധികം നിലകൾ പണിതത്, മേൽക്കൂരയ
ഗാർഹികാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക്
എന്നിവയെല്ലാം സമഗ്രമായ ഒരു പരിശോധനയിലൂടെ കണ്ടെത്തി അപ്ര
നികുതി പുനർ നിർണ്ണയിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്
നികുതിയിന്മേലുള്ള സേവന ഉപനികുതിയും ന്യായമായ തോതിൽ
ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ

1-16 ലഭ്യമായ ഫണ്ട് വിനിയോഗിക്കാത്തത് 93.94 ലക്ഷം

സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപായി ഫണ്ടുകൾ
വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ലഭ്യമായ തുക	*ചെലവ്*	*ല*
വികസന ഫണ്ട് (ജനറൽ)	13985000	12671340	
വികസനഫണ്ട് (എസ്.സി.പി.)	4842800	3980834	
വികസനഫണ്ട് (റ്റി.എസ്.പി.)	7800	0	
സംരക്ഷണ ഗ്രാന്റ് (റോഡ്)	12086200	7615269	
സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)	5480001	2739470	
ആകെ	36401801	27006913	

പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കാതിരുന്നതു മൂ
ചെലവഴിക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. സമയബന്ധിതമായി ചെല
നിഷ്കർഷിച്ചിട്ടുള്ള തുകയിൽ74 ശതമാനം തുക മാത്രമേ ചെലവഴിക്കാ
ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പാളിച്ച
വികസനക്ഷേമപ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടുകളിൽ
അവശേഷിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്
സമയക്രമത്തിനനുസരിച്ച് ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. ഇ
സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-17 പ്രത്യേകാവശ്യത്തിനുള്ള ഫണ്ടുകൾ- തനതു ഫണ നിഷ്ക്രിയമായി നിക്ഷേപിച്ചിരിക്കുന്നു

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിന് ലഭിച്ചിട്ടുള്ള ഫണ്ടുകൾ ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	ബാലൻസ് തുക	തുക ലഭിച്ച തീയതി	തുക നൽ സ്ഥാപ
വിമുക്തി	34920	29.03.2017 02.04.2017	എക്സൈസ വകുപ്പ്
പൈക	101992	ലഭ്യമല്ല	യുവജനകേ വകുപ്പ്
പാലിയേറ്റീവ്	280000	20.02.2018	ജില്ലാ സാമൂ നീതി ഓഫ്
ശിശു സൗഹൃദ ടോയ്ലെറ്റ്	16637	11.02.2019	ജില്ലാ സാമൂ നീതി ഓഫ്
	433549		

തുകവിനിയോഗിച്ച് പ്രത്യേക ആവശ്യങ്ങൾക്കായുള്ള പ്രോജക്ടുകൾ ലഭ്യമായ തുക സ്രോതസ്സിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

1-18 ലൈഫ് വായ്പാ തിരിച്ചടവ് - സ്രോതസ്സിൽ നിന്നും 3 അധികം കുറവു ചെയ്ത

ലൈഫ് ഭവന പദ്ധതിക്കായി 2018-19 സാമ്പത്തിക വർഷം ഗ്രാമ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. 2019-20 സ നാളിതുവരെ വായ്പ തിരിച്ചടവിലേക്ക് 792000രൂപ ഗ്രാമപഞ്ചായത്തിന്റെ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ഉത്തരവ് നം./ തീയതി	ഈടാക്കിയ തുക
2019-20	6105/2019 01-08-2019	102941
2019-20	10050/2019 21-12-2019	102941
2020-21	4461/2020 03-08-2020	161059
2020-21	43/2020 01-01-2021	161059

2021-22	5206/2021 30-07-2021	132000
2021-22	22/2022 01-01-2022	132000
	ആകെ	**792000**

അധികമായി ഈടാക്കിയ 302,281 തുക തിരികെ ലഭിക്കുന്നതിനും തുടർന
ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 മരണപ്പെട്ടവർക്കും ക്ഷേമപെൻഷൻ വിതരണം ഒ

ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാ
വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് ആ
ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ട
സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാ
എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് നട
ഓഡിറ്റ് കാലയളവിൽ മരണപ്പെട്ട ചുവടെ ചേർക്കുന്ന ക്ഷേമ പെൻഷ
അക്കൗണ്ടിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രെഡിറ്റ് ചെയ്തു
വിശദാംശം ചുവടെ ചേർക്കുന്നു

ക്രമ നം	പെൻഷനറുടെ വിവരം	പെൻഷൻ ഐ.ഡി	മരണപ്പെട്ട തീയതി	മരണ രജി നം, തീയതി	മരണപ്പെട്ട സ്ഥലം
1	എം. കെ. ആനന്ദൻ പുതുശ്ശേരിൽ അഴിയിടത്തുചിറ	103830201764	02/05/2021	2029/2021 11/05/2021	കോട്ടയം മെഡിക്കൽ കോളേജ്
2	അമ്മിണി ചാക്കോ പുതുക്കേരികളത്തിൽ പെരുംതുരുത്തി	103830100840	12/05/2022	2163/2022 20/05/2022	കോട്ടയം മെഡിക്കൽ കോളേജ്
3	തങ്കമ്മ വഴിപ്പറമ്പിൽ അഴിയിടത്തുചിറ	103830202191	26/05/2022	2464/2022 04/06/2022	കോട്ടയം മെഡിക്കൽ കോളേജ്
4	അമ്മുക്കുട്ടി വാഴപ്പറമ്പിൽ അഴിയിടത്തുചിറ	103830600796	04/12/2021	6204/2021 13/12/2021	കോട്ടയം മെഡിക്കൽ കോളേജ്
5	രാധാഭായ് കിഴക്കേതിൽ പെരിങ്ങര	103830200144	25/09/2021	983/2021 30/09/2021	കോഴഞ്ചേര ജില്ലാ ആശുപത്രി

6	തങ്കമ്മ കിഴക്കേതിൽ പെരിങ്ങര	103830200010	29/09/2021	1004/2021 05/10/2021	കോഴഞ്ചേര ജില്ലാ ആശുപത്രി
7	കുര്യൻ എബ്രഹാം പനച്ചയിൽ, പെരുംന്തുരുത്തി	103830200332	10/09/2021	134/2021 28/09/2021	പെരിങ്ങര
8	തങ്കമ്മ അയ്യപ്പൻ കാണത്തറയിൽ, മേപ്രാൽ	103830500010	16/12/2020	154/2021 28/10/2021	പെരിങ്ങര

മേൽ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ (നം.31/27.02.23) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. അങ്കണവ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാന ബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരി ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകയ്ക്ക് അർഹതയ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചുപിടിച്ച് സർക്കാരി നടപടി സ്വീകരിക്കേണ്ടതുമാണ്.

1-20 മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെ അനുവദിച്ച പെൻഷൻ തുക തിരികെ ഈടാക്കേണ്ടതാ

ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജ യഥാസമയം പെൻഷൻ വിതരണം സസ്പെന്റ് ചെയ്യാതിരുന്നതിനാൽ അവരുടെ മരണശേഷവും ബാങ്കിൽ നിക്ഷേപിക്കാനിടയായി. ഭൂരിപക്ഷ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുമൂലം ഗുണഭോക്താക്കളുടെ മരണശേഷവും ഇ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുകയും, അ അനന്തരാവകാശികൾ കൈപ്പറ്റാൻ ഇടയാകുകയും ചെയ്തു. വിശദാംശം ച

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	പെൻഷൻ ഐ.ഡി	മരിച്ച തീയതി	അനർഹമായി പെൻഷൻ നൽകിയ കാലയളവ്	അ കാ റ
1	അമ്മുക്കുട്ടി വർഗ്ഗീസ്	103830200212	19.04.2021	05/21- 01/22	144
2	തോമസ്	103830201148	29.04.2021	05/21-01/22	144
3	തോമസ് വർഗ്ഗീസ്	103830200324	30/04/2021	05/21-01/22	144
4	കുര്യൻ ചാക്കോ	103830200319	22.10.2021	11/21-09/22	176
5	അമ്മുക്കുട്ടി വർഗ്ഗീസ്	103830200212	19/04/2021	05/21-01/22	144

6	യോഹന്നാൻ ജോർജ്ജ്	103830201329	09/06/2021	07/21-01/22	1120
7	പ്രഭാകരൻ പി കെ	103830201309	29/04/2021	05/21-01/22	1440
8	ചെല്ലമ്മ	103830200057	21/04/2021	05/21-01/22	1440
9	ജോൺ ജോസഫ്	103830201471	09/07/2021	08/21-01/22	9600
10	കൃഷ്ണൻകുട്ടി കെ. പി	103830201812	16/05/2021	06/21-01/22	5800

ടി പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ച അനന്തരവകാശികൾ കൈപ്പറ്റിയ തുക അവരിൽനിന്നും തിരിച്ചുപ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് നടപട അറിയിക്കേണ്ടതാണ്.

1-21 പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശിക പെരുക ബാധ്യത 35.88 ലക്ഷം

364 പൊതു ടാപ്പുകൾക്ക് പ്രതിമാസം 167228 രൂപയായിരുന്ന പഞ്ചായത്തിൽനിന്നും ഡിമാന്റ് ചെയ്തിരുന്നത്. വെള്ളക്കരം പഞ്ച ഒടുക്കുവരുത്തിയിട്ടില്ല. 2020 ജൂലായ് മുതൽ 2021 ജൂലായ് വരെ ഒരു വർ ഒടുക്കിയിട്ടില്ല. ഈ ഇനത്തിലുള്ള കുടിശികയും, കുടിശികയിന്മേലുള 2021 സെപ്റ്റംബർ മാസാന്ത്യത്തിലെ പഞ്ചായത്തിന്റെ ബാധ്യത 2625158രൂ സെപ്റ്റംബർ മാസങ്ങളിലെ വെള്ളക്കരം ഒരുമിച്ച് 09.11.2021-ൽ ഒടുക ഒക്ടോബർ, നവംബർ മാസങ്ങളിലെ വെള്ളക്കരം 23.12.21-ലും ഒടുക്കി. അതത് മാസംതന്നെ ഒടുക്കുവരുത്തിവരുന്നു.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കിയിരിക്കേണ്ടത കുടിശിക ഉണ്ടാകാൻ പാടില്ലാത്തതാണെന്നും സർക്കാർ നിഷ്ക (സാധാ.)നം.1583/2012/തസ്വഭവ, തീയതി 11.06.2012). വെള്ളക്കര കുടിശികയ പ്രതിമാസം 2% നിരക്കിലാണ് പിഴ പലിശ ഈടാക്കുന്നത്. കുടിശിക പഞ്ചായത്തിന്റെ ബാധ്യത നിയന്ത്രണാധീതമായി പെരുകുന്നതിന് തീയതിയിൽ ഈ ഇനത്തിലുള്ള പഞ്ചായത്തിന്റെ ബാധ്യത 35883 നിർദ്ദേശിച്ച പ്രകാരം യഥാസമയം വാട്ടർ ചാർജ്ജ് ഒടുക്കാതിരുന്നത കുടിശിക ഉണ്ടാകാൻ ഇടയായിട്ടുള്ളത്.

സർക്കാർ നിർദ്ദേശ പ്രകാരം കാലാകലങ്ങളിൽ സംയുക്ത പരിശോ രഹിതമായ പൊതുടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കുന്ന കാര്യത്തിലു വീഴ്ചയുണ്ടായിട്ടുണ്ട്. വർഷങ്ങളായി നിലവിലില്ലാത്ത പൊതുടാപ്പുകൾ വെള്ളക്കരം നൽകി വന്നിരുന്നത്. 2022 നവംബർ മാസത്തിൽ പരിശോധനയിൽ നിലവിലുണ്ടായിരുന്ന 364 ടാപ്പുകളുടെ എണ്ണം പ്രതിമാസ വെള്ളക്കര ബാധ്യത 61256 രൂപയായി കുറയുകയും ചെയ്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കാ

നഷ്ടമാണ് പഞ്ചായത്തിനുണ്ടായിട്ടുള്ളത്. ഓഡിറ്റ് വർഷത്തെ മാത്രം രൂപയുടെ നഷ്ടമാണ് ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായത്.

വാട്ടർ അതോറിറ്റിയുടെ ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി പിഴപലിശ കുടിശ്ശിക തീർപ്പാക്കുന്നതിന് സത്വര നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ട കുടുംബങ്ങൾക്കും ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ പൊതുടാപ്പുകൾ പൂർണ്ണമായും നിർത്തലാക്കി പഞ്ചായത്തിന്റെ ഈ ഇ ചെലവ് ഒഴിവാക്കുന്നതിനുള്ള സാധ്യതയും പഞ്ചായത്ത് ആരായേണ്ടതാണ്

1-22 തെരുവ് വിളക്കുകളുടെ പരിപാലനം ഫലപ്രദമല്ല

തെരുവ് വിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ഓഡിറ്റ് വർഷം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനോ, നില നടത്തി പ്രകാശിപ്പിക്കുന്നതിനോ പഞ്ചായത്ത് പദ്ധതികൾ ഒന്നും ആവിഷ്

2019-20സാമ്പത്തിക വർഷത്തെ 15-ാം നമ്പർ പ്രോജക്ടായി എല്ലാ വാർഡുക സ്ഥിപിക്കൽ എന്ന പദ്ധതി പ്രകാരം KREWS എന്ന സ്ഥാപനം തെരുവ് വി ഇവയുടെ വാറന്റി കാലാവധി 2021സെപ്റ്റംബർ മാസത്തിൽ അവസാ കാലയളവിനുള്ളിൽതന്നെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിരുന്നു നിര കത്തുന്നില്ലെന്ന് ജനപ്രതിധികൾ പഞ്ചായത്ത് കമ്മിറ്റിയിൽ പരാ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതി പരിഹരിച്ചത് സംബന സെപ്റ്റംബർ മാസത്തിനുശേഷം തെരുവ് വിളക്കുകളുടെ അറ്റക ഫണ്ടിൽനിന്ന് നേരിട്ട് തുക ചെലവഴിച്ചോ, പ്രോജക്ട് മുഖാന്തിരമോ നിർവ

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവു വിളക്കുകളുടെയും (ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളതാ വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്ന രജിസ്റ്ററും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം ഫലപ്ര വ്യക്തമാകുന്നത്. തെരുവ് വിളക്കുകളുടെ പരിപാലനം സുസ്ഥിരവുമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാ ഗ്രാമപഞ്ചായത്ത് മാതൃക അവലംബിക്കാവുന്നതാണ് (അടാട്ട് മേ ഗ്രാമപഞ്ചായത്തുകൾക്കുള്ള മാർഗ്ഗരേഖ 17.08.2015-ലെ ജ2-44274നമ്പർ ഉത്ത ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളത് കാണുക)

1-23 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നട വീഴ്ച

മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വ വർഷം 2.63 കോടി രൂപ അടങ്കലുണ്ടായിരുന്ന 75 മരാമത്ത് ആവിഷ്കരിച്ചിരുന്നത്. ഇതിൽ 1.22 കോടി രൂപ അടങ്കലുണ്ടായിരുന്ന 33 പൂർത്തിയാക്കി ധനവിനിയോഗം നടത്തിയിട്ടില്ല. നടപ്പിലാക്കാത്ത പ്രവൃ

ഓവർ പദ്ധതികളാണെന്നത് എടുത്തു പറയേണ്ട കാര്യമാണ്. ഒ
പ്രവൃത്തികൾക്ക് വകയിരുത്തിയിരുന്ന തുകയിൽ 44.4% തുക മാത്രമാണ്

ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർ
ഉദ്ദേശിച്ചാണ് ഏകവർഷ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത്. എന്നാൽ പ
ഏകവർഷ പ്രോജക്ടുകളിൽ സിംഹഭാഗവും സമയബന്ധിതമായി പൂർത്
ഓവർ ആകുന്ന സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. സാമ്പത്തിക
വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയെങ്കിലും മരാമത്ത്
നടപടികൾ വർഷാന്ത്യത്തിലേക്ക് വലിച്ചിഴച്ചതായാണ് കണ്ടത്.
ചേർക്കുന്നു.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവൃത്തികളുടെ ആകെ എണ്ണം	75
പുതിയ പ്രോജക്ടുകളുടെ എണ്ണം	41
സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം	34
ആകെ അടങ്കൽ	26259197
നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം	42 (New – 23, 19)
ചെലവഴിച്ച തുക	11659264
ചെലവ് ശതമാനം	44.4%
ഓഡിറ്റ് വർഷം എഗ്രിമെന്റിൽ ഏർപ്പെട്ട പ്രവൃത്തികളുടെ വിവരം (എഗ്രിമെന്റ് വെച്ച മാസം, പ്രവൃത്തികളുടെ എണ്ണം)	35 (New – 28, 11/2021 12/2021 01/2022 02/2022 03/2022 ആകെ
എഗ്രിമെന്റ് വെച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കാത്തവയുടെ എണ്ണം	6 (108/22, 112 19/22, 154/22 171/22)

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സമയബന്ധിതവും, കാ
കാണിച്ചിരിക്കുന്ന വിവരങ്ങളിൽനിന്നും വ്യക്തമാണ്. യഥാസമയം പ്ര
കരാറുകാർക്കെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാര
സ്വീകരിക്കാതിരുന്നത് വീഴ്ചയാണ്.

കരാർ ലംഘനങ്ങൾ മൂലം പഞ്ചായത്തിന് പദ്ധതി നിർവ്വഹണത്തിന്
ഫണ്ട് ലാപ്സാകുകയും, സമയബന്ധിതമായി സേവനങ്ങൾ നൽകുന്നത
ചെയ്യുന്നു. വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര
വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന പ്രവൃത്തിക
നടപ്പിലാക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഭരണസമിതി
ഉണ്ടാകേണ്ടതാണ്.

1-24 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് പ്രത്യേക അക്കൗ

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം അക്കൗ പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സികൃ പേരിലുള്ള ഒരു ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബ തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽ ഡി.ബി1/7942/2010/സിഇയ തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പല അക്കൗണ്ട് തുറന്നിട്ടില്ല. ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസു ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ട് തുറക്കേണ്ട

1-25 പിരിച്ചെടുത്ത ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ട് കൂട്ടിയില്ല; ലഭിക്കാൻ അവശേഷിക്കുന്നത് 159945 രൂപ

അസി.എഞ്ചിനീയർ ഓഡിറ്റിന് ലഭ്യമാക്കിയ കണക്ക് പ്രകാരം 2015 കാലയളവിൽ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ കരാറുകാരിൽനിന്നും ഈ എക്സികൃൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള 159945 ലഭിച്ചിട്ടില്ല.

28-09-2013-ലെ ജി.ഒ.(എം.എസ്.)318/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എ ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സികൃൂട്ടീവ് എഞ്ചി ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുക മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒ മടക്കി ലഭിക്കാൻ ആവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കു

വർഷം	ടെണ്ടറുകളുടെ എണ്ണം	ത
2015-16	8	
2019-20	18	
2020-21	28	
2021-22	51	
ആകെ		

മേൽ പറഞ്ഞ പ്രകാരം എക്സികൃൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒ ഗ്രാമപഞ്ചായത്തിന് അർഹമായ തുകയാണ്. ആയത് മടക്കി വാങ്ങി പ കൂട്ടുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതാണ്.

1-26 പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു; കരാറുകാ ജാമ്യനിക്ഷേപം കണ്ട് കെട്ടണം

പ്രോജക്ട് നം. - 25/22

അടങ്കൽ - 710000

കരാരുകാരൻ - ശ്രീ യോഹന്നാൻ പി.സി.

ചെലവ് - 387625

